## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4563 26-10-2016-ൽ മറുപടിയ്ക്ക്

## പഠനമുറി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്നുമുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകാനുള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന വിവരവും ഈ പദ്ധതിയുടെ വിശദാംശവും ലഭ്യമാക്കുമോ ? | എ) | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതിയിൽ I മുതൽ VII വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ VIII,IX,X ക്ലാസുകളിൽ പഠിക്കുന്ന (ഹൈസ്കൂൾ തലത്തിൽ) പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനായുള്ളപ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. ഒരു ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളതും ഹൈസ്കൂൾ തലത്തിൽ പഠിക്കുന്നതുമായ വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകാൻ ഉദ്ദേശിക്കുന്നത്. ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ ഭൂരിഭാഗം പേർക്കും അവരുടെ വീടുകളിൽ സ്വസ്ഥമായിരുന്ന് |

| | | | |
|---|---|---|---|
| | | | പഠിക്കുന്നതിന് ഒരിടം അല്ലെങ്കിൽ പ്രത്യേകമുറി ഇല്ലാത്തത് അവരുടെ പഠനത്തെ ബാധിക്കുന്നു എന്ന പ്രശ്നം പരിഹരിക്കുന്നതിനായി നിലവിൽ വാസയോഗ്യമായ വീടുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് 120 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള, മേൽക്കൂര കോൺക്രീറ്റ് ചെയ്ത, തറ ടൈൽസ് പാകിയ മുറിയിൽ പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി അലമാര (രണ്ട് കുട്ടികൾക്കാവശ്യമുള്ളത്) ലൈറ്റ്. ഫാൻ, സ്റ്റഡി ഡെസ്ക്, 3 പ്ലാസ്റ്റിക് കസേരകൾ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിന് 2,00,000/-രൂപ ആനുകൂല്യം നൽകാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ